നൂറനാട് എൽ.ഐ.സി. കുടിവെള്ള പദ്ധതി

133 [241] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് എൽ.ഐ.സി. കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് പറയാമോ;

(സി) നൂറനാട് എൽ.ഐ.സി. കുടിവെള്ള പദ്ധതി സമയബന്ധിതമായി തീർക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നൂറനാട് എൽ.ഐ.സി. കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി വരുന്നു. ശുദ്ധജല വിതരണത്തിനുള്ള പൈപ്പുകൾ ലഭ്യമല്ലാത്തതുമൂലം പൈപ്പ് ലൈനുകളുടെ പണി തുടങ്ങുന്നതിന് കാലതാമസം നേരിടുന്നു.

(ബി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുവാൻ കഴിയും.

(സി) (1) ശുദ്ധീകരണശാലയുടെ പണി നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(2) സ്ഥലം വിലയ്ക്ക് ലഭിക്കുന്നതിന് ഉടമസ്ഥന്റെ സമ്മതം കിട്ടിയിട്ടുള്ളതിനാൽ ഡ്രാഫ്റ്റ് സെയിൽ ഡീഡ് ജില്ലാ ഗവൺമെന്റ് പ്ലീഡർ തയ്യാറാക്കിത്തന്നിട്ടുള്ളത് പരിശോധിച്ചുവരുന്നു.

(3) ഉന്നതതല ജലസംഭരണിയുടെ പണി ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(4) സപ്ലൈയിംഗ് ആന്റ് ലേയിംഗ് വ്യവസ്ഥയിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ട എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു.

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly